(സി) കോരപ്ര-കീഴരിയൂർ-കൊയിലാണ്ടി വഴി കോഴിക്കോട് റൂട്ടിൽ അനുവദിച്ചിരുന്ന ബസ് സർവ്വീസ് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് പൊതുജനങ്ങളിൽ നിന്നും എത്ര തവണ നിവേദനം ലഭിച്ചിരുന്നുവെന്നും ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) രൂക്ഷമായ യാത്രാ പ്രശ്നം നിലനിൽക്കുന്ന ഈ റൂട്ടിൽ പ്രസ്തുത ബസ് സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുൻകാലങ്ങളിൽ നിയമസഭാംഗങ്ങൾ നിർദ്ദേശിക്കുന്ന ചില റൂട്ടുകളിൽ ബസ്സുകൾ അനുവദിച്ചിരുന്നു. ഇപ്പോൾ സാദ്ധ്യതാപഠനം നടത്തിയാണ് ബസ്സുകൾ അനുവദിക്കുന്നത്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ഇത്തരത്തിൽ അനുവദിക്കപ്പെട്ട സർവ്വീസുകൾ ഒന്നും തന്നെ ഇപ്പോൾ നടത്തുന്നില്ല.

(സി & ഡി) സർവ്വീസ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കൊയിലാണ്ടി എം.എൽ.എ.-യുടെ നിർദ്ദേശം ലഭിക്കുകയും ടി നിർദ്ദേശപ്രകാരം അതിന്മേൽ സാദ്ധ്യതാപഠനം നടത്തുകയും ചെയ്യുകയുണ്ടായി. കോഴിക്കോട് നിന്നും മുൻപ് നടത്തിക്കൊണ്ടിരുന്ന സർവ്വീസ് ലാഭകരമല്ലാതെ വന്നതിനെത്തുടർന്നാണ് നിർത്തൽ ചെയ്തത്. സാദ്ധ്യതാപഠനത്തിൽ ലാഭകരമായി നടത്തുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടാത്തതിനാൽ ടി സർവ്വീസ് പുനഃസ്ഥാപിക്കുകയുണ്ടായില്ല. കെ.എസ്.ആർ.ടി. സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കിലോമീറ്ററിന് 20 രൂപയെങ്കിലും വരുമാനം ലഭിക്കാത്ത സർവ്വീസുകൾ ഓടിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കോരപ്ര-കീഴരിയൂർ -കൊയിലാണ്ടി വഴി കോഴിക്കോട്ടേയ്ക്കുള്ള സർവ്വീസ് പുനഃസ്ഥാപിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

മലബാർ ടൗൺ ടു ടൗൺ ബസ് സർവ്വീസ്

153 (5373) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാറിന്റെ ഹൈവേകളിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന മലബാർ ടൗൺ ടു ടൗൺ ബസ് സർവ്വീസ് വടകര-തൊട്ടിൽപ്പാലം റൂട്ടിലും വടകര-പേരാമ്പ്ര-പയ്യോളി വഴിയും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൊട്ടിൽപാലത്തുനിന്നും ആരംഭിക്കത്തക്ക രീതിയിൽ വടകര-തൊട്ടിൽപാലം ആറ് (6) ചെയിൻ സർവ്വീസിന് 6-5-2009-ൽ അനുമതി നൽകിയിരുന്നു. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ടി സർവ്വീസുകൾ ഇതുവരേയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

മുറയ്ക്ക് ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വട കര-പേരാമ്പ്ര-പയ്യോളി റൂട്ടിൽ നിലവിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഒന്നും തന്നെയില്ല. ധാരാളം സ്വകാര്യ ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. അതുകൊണ്ട് തന്നെ ഒറ്റപ്പെട്ട സർവ്വീസുകൾ ഈ റൂട്ടിൽ ആരംഭിച്ചാൽ അത് കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായി നടത്തുവാൻ കഴിയില്ല.

കെ.എസ്.ആർ.ടി.സി.ഡ്രൈവർമാരുടെ കുറവ് നികത്താൻ നടപടി

154 (5374) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സിയുടെ കണ്ണൂർ ഡിപ്പോയിൽ ആവശ്യമായ ഡ്രൈവർമാർ ഇല്ലാത്തതിനാൽ പേരാവൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലേക്കുള്ള സർവ്വീസ് മുടങ്ങുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഡ്രൈവർമാരുടെ കുറവ് നികത്താൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ യൂണിറ്റുകളിൽ ഡ്രൈവർമാർ കുറവുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാരുടെയും ബസ്സിന്റെയും കുറവുകാരണം പേരാവൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലേക്ക് പോകുന്ന ഉച്ചയ്ക്ക് 12.15-നുള്ള ഇരിട്ടി (തില്ലങ്കേരിവഴി) സർവ്വീസും, 12.30-നുള്ള ഇരിട്ടി (മൊക്കോഴി വഴി) സർവ്വീസും മുടങ്ങാറുണ്ടായിരുന്നു. ഇപ്പോൾ ഈ സർവ്വീസുകൾക്ക് അയച്ചിരുന്ന ബസ്സുകൾ മാറ്റി വേറെ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. അതുകാരണം തുടർന്ന് ഈ സർവ്വീസുകൾ കൃത്യമായി അയയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ സർവ്വീസുകളായ രാവിലെ 7.20-നുള്ള ഇരിക്കൂറും (കൊടോളിപ്പുറംവഴി) രാവിലെ 8.45-നുള്ള ഇരിട്ടി സർവ്വീസും മുടങ്ങാതെ കൃത്യമായി നടത്തുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി കണ്ണൂർ ജില്ലയിൽ ഡ്രൈവർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly